# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 3** **18.03.2013- ൽ മറുപടിക്ക്**

## സ്വാഭാവിക തുറമുഖം

**ചോദ്യം**

ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ.കെ. വിജയൻ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. കെ. അജിത് :

(എ) വലുതും ചെറുതുമായ സ്വാഭാവിക തുറമുഖങ്ങളുടെ നിർമ്മാണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) കേരളത്തിലെ ചെറുതും വലുതുമായ തുറമുഖങ്ങളെ ഉപയോഗപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. അഴീക്കൽ , ബേപ്പൂർ, കൊല്ലം, പൊന്നാനി, വിഴിഞ്ഞം, ആലപ്പുഴ, കൊടുങ്ങല്ലൂർ, എന്നീ തുറമുഖങ്ങളിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊന്നാനി പോർട്ടിന്റെ വികസനത്തിന് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് സിമന്റ് ടെർമിനൽ സ്ഥാപിക്കുന്ന ''അഗ്രിമസിമന്റ്സു''മായി കരാർ ഒപ്പിടുന്നതിനുള്ള പ്രാരംഭ ഉത്തരവ് നൽകിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് ABG

കമ്പനിയുമായി സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം പഴയ പോർട്ടിൽ കസ്റ്റംസ് നിയമം 8A നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം, പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി. അതിൽ എൽ&റ്റി റാംബോളിന്റെ റിപ്പോർട്ട് 2012 ഡിസംബറിൽ വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ടിന് ലഭ്യമായി. ഐ.എഫ്.സി മുഖേന തയ്യാറാക്കിയ റിപ്പോർട്ട് ലഭ്യമാകേണ്ടതുണ്ട്.

2. പദ്ധതിയുടെ നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിത ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90% (108.50 ഏക്കർ) ഏറ്റെടുത്തു കഴിഞ്ഞു. വെയർഹൗസിങ്ങിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.

4. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനങ്ങളും ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കലും പൂർത്തീകരിച്ചു വരുന്നു.

5. പദ്ധതിയ്ക്ക് ആവശ്യമായ ധനം സമാഹരിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. എസ്.ബി.റ്റി നേതൃത്വം നൽകുന്ന ബാങ്ക് കൺസോർഷ്യം 300കോടി രൂപയും, ഹഡ്കോ 500 കോടി രൂപയും, ഐ.ഐ.എഫ്.സി.എൽ 200 കോടി രൂപയും ലോൺ നൽകുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ 800 കോടി രൂപയുടെ സർക്കാർ ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

6. വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 2011-12 സംസ്ഥാന ബഡ്ജറ്റിൽ 197 കോടി രൂപയും 2012-13 ൽ 223 കോടി രൂപയും അനുവദിക്കുകയുണ്ടായി.

7. പദ്ധതിയ്ക്ക് വേണ്ടിയുള്ള വെള്ളം എത്തിയ്ക്കുന്നതിനുള്ള പണി പൂർത്തിയായി.

8. പദ്ധതിയ്ക്കുള്ള വൈദ്യുതി.

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ കെ.എസ്.ഇ.ബി ക്ഷണിച്ചിട്ടുണ്ട്.

ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

9. **റോഡ്**

600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം എൻ. എച്ച് എ ഐ യുടെ ബൈപ്പാസ് നിർമ്മാണത്തിനു ശേഷം ആരംഭിക്കും.

10. റെയിൽ

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തുറമുഖ കമ്പനി, റെയിൽവേ ലൈനിനുള്ള പഠനം ആർ.വി.എൻ.എൽ (റെയിൽ വികാസ് നിഗം ലിമിറ്റഡ്) മുഖാന്തിരം നടത്തുകയും, വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് റെയിൽവേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. നിർമ്മാണ പ്രവർത്തനങ്ങൾ

പാരിസ്ഥിതിക പഠനം പൂർത്തിയാക്കി, നിയമപരമായിട്ടുള്ള പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കിയതിനുശേഷം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്നതായിരിക്കും. പാരിസ്ഥിതിക അനുമതി

ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പദ്ധതി നടത്തിപ്പ് സ്വകാര്യ പങ്കാളിത്ത മാതൃകയിലാക്കണമെന്നും സർക്കാരിന്റെ ഉടമസ്ഥത ഒഴിവാക്കണമെന്നുമുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ?

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി ലാൻഡ് ലോർഡ് മോഡൽ പ്രകാരം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയ്ക്ക് ശേഷം, കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതി പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സംസ്ഥാന പ്ലാനിംഗ് ബോർഡിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി ഇപ്പോൾ പിൻതുടർന്നു വരുന്ന ലാൻഡ് ലോർഡ് മോഡലിൽ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ